ഫസൽ കാതിക്കോട്

# വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ പിന്നാമ്പുറം

**കേരളത്തിൽ** മുമ്പെങ്ങുമില്ലാത്തവിധം സമഗ്രമായ അഴിച്ചുപണികൾക്കാണ് വിദ്യാഭ്യാസരംഗം വിധേയമായിക്കൊണ്ടിരിക്കുന്നത്. വിശദാംശങ്ങളിൽ ചെറിയ വ്യത്യാസങ്ങളോടെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും മാറ്റങ്ങൾ നടന്നുവരുന്നു. നമ്മുടെ രാജ്യത്തു മാത്രമല്ല, ലോകമെങ്ങും ഒട്ടനവധി രാജ്യങ്ങളിൽ വിദ്യാഭ്യാസരംഗത്ത് പരിവർത്തനങ്ങൾ നടക്കുന്നുണ്ട്. എല്ലാ ഭൂഖണ്ഡങ്ങളിലും ഇതിന്റെ അലയൊലികൾ ദൃശ്യമാണ്. 1963 മുതൽ വിവിധ രാജ്യങ്ങളിൽ നടന്നുകൊണ്ടിരുന്ന മാറ്റങ്ങൾ 1990-നു ശേഷമാണ് ഇന്ത്യയിൽ ആരംഭിച്ചത്. കൃത്യമായി പറഞ്ഞാൽ നാം തുടർന്നുവന്നിരുന്ന സാമ്രാജ്യത്വവിരുദ്ധ വിദേശനയം ഉപേക്ഷിച്ച് ആഗോളവത്കരണശക്തികൾക്കുവേണ്ടി ഇന്ത്യയുടെ കവാടങ്ങൾ തുറന്നുവെച്ചതിനുശേഷം.

ലോകജനതക്ക് മുഴുവൻ വിദ്യാഭ്യാസം നൽകുകയെന്ന മഹത്തായ ലക്ഷ്യത്തോടെ വളരെക്കാലമായി ഐക്യരാഷ്ട്രസഭ ഒട്ടേറെ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിരുന്നു. ഇതിനായുള്ള ഐക്യരാഷ്ട്ര സഭാ ഏജൻസിയാണ് യുനസ്കൊ. എന്നാൽ അമേരിക്കയുടെ നേതൃത്വത്തിൽ ലോകത്തിലെ കുത്തക സാമ്പത്തികശക്തികൾ തങ്ങളുടെ താൽപര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനാരംഭിച്ചതുമുതൽ ഐക്യരാഷ്ട്രസഭയുടെ പദ്ധതികളിലും മാറ്റങ്ങൾ പ്രകടമായിത്തുടങ്ങി. കമ്പോളശക്തികളുടെ വളർച്ചക്കനുകൂലമായ രീതിയിൽ ലോകജനതയുടെ ജീവിതത്തെ മാറ്റിപ്പണിയാനുള്ള ശക്തമായ ഉപാധിയാണ് വിദ്യാഭ്യാസമെന്ന് അവർ തിരിച്ചറിഞ്ഞു. അങ്ങനെ ലോകജനതക്ക് വിദ്യാഭ്യാസം നൽകാനുള്ള യു.എൻ പദ്ധതികളും കമ്പോളത്തിനനുകൂലമായി പരിവർത്തിപ്പിക്കപ്പെട്ടു. വിദ്യാഭ്യാസരംഗത്ത് സാമ്പത്തിക-സാങ്കേതിക സഹായങ്ങളും പദ്ധതികളും നൽകാനുള്ള പ്രധാന ഏജൻസിയായി ലോകബാങ്ക് മാറിയത് ഇതിന്റെ വ്യക്തമായ നിദർശനമാണ്. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ലോകബാങ്ക് പുറത്തിറക്കിയ രേഖകളിലെല്ലാം ഈ കമ്പോളാഭിമുഖ്യം തെളിഞ്ഞുകാണാം. വിദ്യാഭ്യാസരംഗത്ത് ലോകമെങ്ങും ഇന്ന് നടന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ ചുക്കാൻ പിടിക്കുന്നത് ലോകബാങ്കാണ്.

1990-നു ശേഷം ഇന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട 17 സംസ്ഥാനങ്ങളിലെ 273 ജില്ലകളിൽ നടപ്പിലാക്കിയ ഡി.പി.ഇ.പി പദ്ധതിയാണ് ഇക്കൂട്ടത്തിലെ ആദ്യ ഇന്ത്യൻ പദ്ധതി. ഇതിനുശേഷം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിരവധി പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. ശിക്ഷാ കർമി പ്രോജക്ട് (SKP), ലോക ജംബിഷ് പ്രോജക്ട് (LJP), GOI-UN-ജനശാലാ പ്രോഗ്രാം തുടങ്ങിയവ ഇപ്രകാരം നടപ്പിലാക്കിയ പദ്ധതികളാണ്. 2000-ത്തിൽ ആരംഭിച്ച സർവ ശിക്ഷാ അഭിയാൻ (SSA) എന്ന ബൃഹത്തായ പദ്ധതി ഇതിനകം ഏവർക്കും സുപരിചിതമായിക്കഴിഞ്ഞു. 2020-ഓടെ ലോകത്തിലെ എല്ലാ കുട്ടികൾക്കും എട്ടാം ക്ലാസ് വരെ വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി ഐക്യരാഷ്ട്രസഭ വിപുലമായ പരിപാടികൾ തയാറാക്കിയിരുന്നു. ഐക്യരാഷ്ട്രസഭ നേരത്തേ പ്രഖ്യാപിച്ച 'സഹസ്രാബ്ദ വികസന ലക്ഷ്യ'ങ്ങളിലൊന്നാണിത്. 'എല്ലാവർക്കും വിദ്യാഭ്യാസം' (Education for all-efa) എന്ന പേരിലറിയപ്പെടുന്ന ഈ പദ്ധതിക്കുവേണ്ടിയുള്ള ആസൂത്രണങ്ങൾ 1996-ൽ ജോർദാനിലെ അമ്മാനിലും 2000-ൽ സെനഗലിലെ ഡാക്കറിലും വെച്ചു നടന്ന വിപുലമായ ആഗോള വിദ്യാഭ്യാസ സമ്മേളനങ്ങളിലാണ് അംഗീകരിക്കപ്പെട്ടത്. ഇതനുസരിച്ച് ഇന്ത്യയിലും വിപുലമായ പദ്ധതികൾ തയാറാക്കി. സാർവത്രികമായ പ്രാഥമിക വിദ്യാഭ്യാസം (Universalisation of Elementary Education-UEE) എന്ന പേരിലാണ് ഇന്ത്യയിൽ ഇതറിയപ്പെടുന്നത്. UEE-ക്കുവേണ്ടി തയാറാക്കിയ അനേകം പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് SSA. ഐക്യരാഷ്ട്ര സഭ നിർദേശിച്ചതിലും 5 വർഷങ്ങൾക്കു മുമ്പേ 2015-ൽ ഇന്ത്യയിൽ എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനാണ് UEE ല

ക്ഷ്യമിട്ടിരിക്കുന്നത്. ECCE (Early Childhood Care and Education), NLM (National Literacy Mission) തുടങ്ങിയവ UEEയുടെ കീഴിൽ നടപ്പിലാക്കിവരുന്ന മറ്റു പ്രധാന പദ്ധതികളാണ്.

ലോകബാങ്ക് പദ്ധതികൾ നടപ്പിലാക്കിയ രാജ്യങ്ങളിൽ സമ്മിശ്ര പ്രതികരണങ്ങളാണുണ്ടായിട്ടുള്ളത്. നിക്കരാഗ്വ, ചിലി, ചൈന, ശ്രീലങ്ക തുടങ്ങി അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങൾ താരതമ്യേന കുറഞ്ഞ രാജ്യങ്ങളിൽ നഗരവാസികൾക്കും സമ്പന്ന വിഭാഗങ്ങൾക്കും കൂടുതൽ നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചു. എന്നാൽ ഗ്രാമവാസികൾക്കും നഗരങ്ങളിലെ ചേരിനിവാസികൾക്കും വിദ്യാഭ്യാസം അഗ്നിപരീക്ഷയായി മാറി. 'ഒരു ചതുർവർഷ ബിരുദ വിദ്യാർഥി പഠനത്തിനുവേണ്ടി 6000 യുവാൻ ചെലവഴിക്കേണ്ടിവന്നു. ഇത്രയും തുകയുണ്ടാക്കാൻ ഗ്രാമവാസിയായ ഒരു സാധാരണ ചൈനീസ് കർഷകൻ 30 വർഷം പണിയെടുക്കണം' (The impacts of Neo liberalism in chinees higher education. Ka ho Mok and Yat wai lo, Centre for east asian studies. Bristol University. Journal for critical education policy studies. Volume 5, Number 1, May 2007). ലോകബാങ്ക് നിർദേശമനുസരിച്ചുള്ള വിദ്യാഭ്യാസ ഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കിയ അനേകം രാജ്യങ്ങളിലെ സമാനമായ അനുഭവങ്ങൾ വിശദമാക്കുന്ന ഒട്ടേറെ പഠനങ്ങൾ പുറത്തുവന്നിട്ടുണ്ട്.

UEE-ക്കുവേണ്ടി സാമ്പത്തിക സഹായം നൽകുമ്പോൾ തന്നെ പാഠ്യപദ്ധതിയും വിദ്യാഭ്യാസ ഭരണസംവിധാനവും പരിഷ്കരിക്കണമെന്ന് ലോകബാങ്ക് ആവശ്യപ്പെട്ടിരുന്നു. ഇതിനാവശ്യമായ വിശദമായ മാർഗരേഖകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. 5-14 വയസ്സു പ്രായമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യം കേരളം വളരെ നേരത്തേതന്നെ നേടിക്കഴിഞ്ഞിരുന്നു. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടിയാണ് കേരളത്തിൽ ലോകബാങ്ക് സഹായം ഉപയോഗിച്ചത്. പുതിയപാഠ്യപദ്ധതി പരിഷ്കാരം നടപ്പിലാക്കിയത് ഇതിന്റെ ഭാഗമായാണ്. അങ്ങനെ പുതിയ പാഠ്യപദ്ധതി പരീക്ഷിക്കപ്പെടുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറി.

ഘടനാ പരിഷ്കാരങ്ങൾ പോലെത്തന്നെ പാഠ്യപദ്ധതി പരിഷ്കാരങ്ങളും ഒരു ആഗോള ട്രെന്റാണ്. സാമൂഹിക ജ്ഞാനനിർമിതിവാദത്തെ (Social constructivism) അടിസ്ഥാനമാക്കിയുള്ള പുതിയ പാഠ്യപദ്ധതി ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ, യൂറോപ്യൻ രാജ്യങ്ങൾ, ജപ്പാൻ, സൗത്ത് ആഫ്രിക്ക, പാകിസ്താൻ, ഉസ്ബെകിസ്താൻ തുടങ്ങി മു

**പരിഷത്തിന്റെ ചില സാമൂഹിക കാഴ്ചപ്പാടുകൾ കേരള പാഠ്യപദ്ധതി ചട്ടക്കൂടിൽ കടന്നുകൂടിയിട്ടുണ്ടെന്നതിന് പരിഷ്കരണ നിർദേശങ്ങൾ നടത്തിയ കരട് രേഖ തന്നെ തെളിവാണ്. കുഞ്ഞുങ്ങളിൽ നിരീശ്വരവാദ പാഠ്യപദ്ധതി കാരണമായിത്തീരുമെന്ന മതസമൂഹങ്ങളുടെ വിമർശനത്തിൽ കഴമ്പുണ്ടെന്ന് കാണാം. വിദ്യാഭ്യാസ പരിഷ്കരണവുമായി ബന്ധപ്പെട്ട ചർച്ചകളിലും സമരങ്ങളിലും ഈ വശമാണ് മുഖ്യമായി പരിഗണിക്കേണ്ടത്.**



പ്പതോളം ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങൾ, അമേരിക്കയിലെ നിരവധി സ്റ്റേറ്റുകൾ ഒക്കെയും സ്വീകരിച്ചിരിക്കുന്നു.

ഇന്ത്യയിൽ പാഠ്യപദ്ധതി പരിഷ്കാരങ്ങൾക്ക് തുടക്കമിട്ടത് ബി.ജെ.പി സർക്കാറാണ്. 'ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2000' എന്ന പേരിൽ പുറത്തിറക്കിയ പ്രസ്തുത രേഖയിൽ അടിസ്ഥാന സമീപനമായി സ്വീകരിച്ചിരിക്കുന്നത് 'സാമൂഹിക ജ്ഞാനനിർമിതി വാദം' തന്നെയാണ്. എന്നാൽ അതോടൊപ്പം കഴിയുന്നേടത്തോളം കാവിവത്കരണത്തിനായും അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇതിനെതിരെ വ്യാപകമായ പ്രതിഷേധങ്ങളുയർന്നു. ഭരണമാറ്റമുണ്ടായതോടെ അത് നടപ്പിലാക്കാൻ സാധിക്കാതെ പോവുകയും ചെയ്തു. യു.പി.എ സർക്കാർ പാഠ്യപദ്ധതി പരിഷ്കരണത്തിനായി എൻ.സി.ഇ.ആർ.ടിയുടെ കീഴിൽ മറ്റൊരു സമിതി രൂപീകരിച്ചു. യു.ജി.സി മുൻ ചെയർമാനും പ്രസിദ്ധ വിദ്യാഭ്യാസ ചിന്തകനുമായ പ്രഫ. യശ്പാലിന്റെ നേതൃത്വത്തിലുള്ള 35 അംഗ കമ്മിറ്റിയാണ് 'ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട്' (National Curriculam Frame work. NCF 2005) എന്ന പേരിലറിയപ്പെടുന്ന പുതിയ പാഠ്യപദ്ധതി തയാറാക്കിയത്. NCF-നെ അവലംബമാക്കി പ്രാദേശിക മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് 'കേരളാ പാഠ്യപദ്ധതി ചട്ടക്കൂട് 2006' (KCF) തയാറാക്കിയിരിക്കുന്നത്. NCERTകേരളയുടെ ഡയറക്ടർ കൺവീനറായും പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനുമായുള്ള മുപ്പതംഗ കമ്മിറ്റിയാണ് ഇത് തയാറാക്കിയത്. ഈ സമിതിയുടെ രസകരമായ ഒരു പ്രത്യേകത കേരളത്തിലെ മുഖ്യ അധ്യാപക സംഘടനാ പ്രതിനിധികളെയെല്ലാം ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നുവെന്നതാണ്. അവരിൽ പലരും ഇപ്പോൾ ഇതിനെതിരെ സമരരംഗത്തുണ്ടെന്നതോർക്കുക!

കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ പരിഷ്കാരങ്ങളെ പ്രധാനമായും മൂന്ന് മേഖലകളായിത്തിരിക്കാം. 1) പാഠ്യപദ്ധതിയുടെയും ബോധനരീതിയുടെയും പരിഷ്കാരം. 2) വിദ്യാഭ്യാസ സംവിധാനത്തിന്റെ ഭരണ നിർവഹണ പരിഷ്കാരങ്ങൾ. 3) ഇതിനെ സഹായിക്കുന്നവിധത്തിൽ വിദ്യാഭ്യാസ നിയമങ്ങളുടെ (KER) നവീകരണം.

## പുതിയ പാഠ്യപദ്ധതിയുടെ അടിസ്ഥാന സമീപനങ്ങൾ

ജ്ഞാനനിർമിതിവാദമാണ് പുതിയ പാഠ്യപദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാന സിദ്ധാന്തം. വിമർശനാത്മക ബോധനരീതി (Critical pedagogy), ബഹുമുഖ ബുദ്ധിശക്തി സിദ്ധാന്തം (Multiple intelligence theory), ചോംസ്കിയൻ ഭാഷാ സമീപനങ്ങൾ തുടങ്ങിയവയും പുതിയ പാഠ്യപദ്ധതിയുടെ അടിസ്ഥാനങ്ങളായി വർത്തിച്ചിട്ടുണ്ട്.

അനുശീലനങ്ങളിലൂടെയും ആവർത്തനങ്ങളിലൂടെയും കുട്ടി അറിവുകൾ നേടുകയും കഴിവുകൾ കരസ്ഥമാക്കുകയും ചെയ്യുന്നുവെന്ന് സിദ്ധാന്തിക്കുന്ന ചേഷ്ടാവാദം (Behaviourism) ആയിരുന്നു ഇതിനു മുമ്പ് പിന്തുടർന്നിരുന്ന പഠനസമീപനം. അനുഭവജ്ഞാനങ്ങളിലൂടെയും യുക്തിപരമായ ചിന്തയിലൂടെയും ശാസ്ത്രീയ പരീക്ഷണ നിരീക്ഷണങ്ങളിലൂടെയുമാണ് പഠനം നടക്കുന്നതെന്ന് ചേഷ്ടാവാദം പറയുന്നു. ഈ ചേരുവകൾ ശരിയായി യോജിപ്പിച്ചാൽ ഏതൊരു കുട്ടിയെയും ഉദ്ദേശിച്ച പ്രകാരം പഠിപ്പിക്കാൻ സാധിക്കുമെന്ന് ചേഷ്ടാവാദികൾ വിശ്വസിച്ചു. എലി, നായ തുടങ്ങിയ ജീവികളിൽ ഇവാൻ പാവ്ലോവ്, ജെ.ബി വാട്സൺ, ബി.എഫ് സ്കിന്നർ തുടങ്ങിയവർ നടത്തിയ പരീക്ഷണങ്ങളാണ് ചേഷ്ടാ വാദത്തിന് അടിത്തറയായത്. സാമൂഹിക, രാഷ്ട്രീയ വീക്ഷണത്തിൽ നിരീ

ക്ഷിച്ചാൽ വ്യവസായ വിപ്ലവത്തോടെ യൂറോപ്പിൽ സ്വാധീനം ചെലുത്തിയ ആധുനികതാ പ്രസ്ഥാനത്തോട് ഈ പഠനസമീപനത്തിന് ബന്ധമുണ്ടെന്ന് തിരിച്ചറിയാൻ സാധിക്കും.

ജന്തുക്കളിൽ നടത്തിയ പരീക്ഷണങ്ങളിൽ യാന്ത്രികമായ ചോദനകൾക്ക് യാന്ത്രികമായ പ്രതികരണങ്ങൾ ലഭിക്കുന്നതുപോലെയല്ല പരിണാമശ്രേണിയിൽ ഏറ്റവും മുകളിലുള്ള, സങ്കീർണവും സങ്കൽപാതീതവുമായ പ്രവർത്തനശേഷിയോടുകൂടിയ തലച്ചോറുള്ള മനുഷ്യന്റെ പഠന പ്രക്രിയയെന്ന് പിന്നീട് വന്ന ഒട്ടേറെ ചിന്തകർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ജന്തുക്കളിൽനിന്ന് വ്യത്യസ്തമായി മനുഷ്യന് മനസ്സ് എന്ന സങ്കീർണമായ സത്ത കൂടിയുണ്ടെന്നും പഠനത്തിലൂടെ മനോമാതൃകകളുടെ നിർമാണമാണ് നടക്കുന്നതെന്നുമുള്ള വിശകലനത്തിൽനിന്നാണ് ജ്ഞാന നിർമിതി വാദം രൂപം കൊള്ളുന്നത്. മനുഷ്യന്റെ മനസ്സ്, ബൗദ്ധികത, സാമൂഹിക ബന്ധങ്ങൾ തുടങ്ങിയവ പഠനത്തിൽ സ്വാധീനം ചെലുത്തുന്നുവെന്നും പഠനമെന്നത് സാമൂഹികവും സാംസ്കാരികവുമായ പ്രക്രിയ കൂടിയാണെന്നും ജ്ഞാന നിർമിതിവാദം പറയുന്നു. അറിവ് എന്നത് ഇത്തരം വിവിധ ഘടകങ്ങൾ ഒരാളുടെ മനസ്സിൽ ചെലുത്തുന്ന സ്വാധീനങ്ങളിലൂടെ നിർമിക്കപ്പെടുന്നതാണെന്നും അത് കേവല സത്യമല്ല, നിർമിത സത്തയാണെന്നും ഓരോരുത്തരും സ്വന്തം അറിവ് സ്വയം സൃഷ്ടിക്കുകയാണ് ചെയ്യുന്നതെന്നും ഈ സിദ്ധാന്തം വിശദീകരിക്കുന്നു. ഴാങ് പിയാഷെ, ജെറോം എസ് ബ്രൂണർ, നോം ചോംസ്കി, ഡൊണാൾഡ്സൺ, ലവ് ഡെമനോവിച്ച് വികോട്സ്കി തുടങ്ങിയവരാണ് പ്രമുഖ ജ്ഞാനവാദ നിർമിതിവാദ ചിന്തകർ.

ജ്ഞാനനിർമിതിവാദത്തെ സമൂഹവുമായി കൂടുതൽ ബന്ധിപ്പിച്ചത് ബെലോ റഷ്യൻ മനഃശാസ്ത്രജ്ഞനായിരുന്ന വികോട്സ്കിയാണ്. 'മനഃശാസ്ത്രത്തിന്റെ കേന്ദ്രാശയം സമൂഹത്തിന്റെ ഇടപെടലാണെന്ന്' അദ്ദേഹം പ്രഖ്യാപിച്ചു. ഒരു വ്യക്തി നേടുന്ന അറിവ് മാത്രമല്ല അവനെ രൂപപ്പെടുത്തുന്നതെന്നും സമൂഹത്തിന് അതിൽ തുല്യമോ കൂടുതലോ ആയ പങ്കുണ്ടെന്നും അദ്ദേഹം പറയുന്നു. ഒരു കുട്ടിക്ക് സ്വയം നേടാൻ സാധിക്കുന്ന അറിവിന് ഒരു പരിധിയുണ്ട്. മറ്റുള്ളവരുടെ സഹായത്തോടെ നേടാൻ സാധിക്കുന്ന മറ്റൊരു ഉയർന്ന തലവുമുണ്ട്. സഹായം ലഭിച്ചാൽ കുട്ടി ഉയർന്ന നില(Potential ability level)യിൽ എത്തിച്ചേരും. ഈ രണ്ട് നിലകളും തമ്മിലുള്ള വ്യത്യാസമാണ് സമീപസ്ഥ വികസന മണ്ഡലം (ZPD- Zone of Proximal Development). ZPD നേടുന്നതിനു വേണ്ടി കുട്ടിയെ സഹായിക്കുകയാണ് വിദ്യാഭ്യാസ സംവിധാനം ചെയ്യേണ്ടത്. ഇതനുസരിച്ച് കുഞ്ഞിനെ സഹായിക്കുക അഥവാ കൈത്താങ്ങ് നൽകൽ (Scaffolding) ആണ് അധ്യാപകന്റെ ജോലി. അധ്യാപകൻ എന്ന സങ്കൽപത്തിൽ മൗലികമായ മാറ്റം ഉൾക്കൊള്ളുന്ന സമീപനമാണിത്.

**പാശ്ചാത്യ രാജ്യങ്ങളിൽ ഉത്തരാധുനികതയോടൊപ്പം രൂപം കൊണ്ട സാമൂഹിക ജ്ഞാനനിർമിതിവാദം അവിടെയുണ്ടായിരുന്ന പ്രത്യേക സാമൂഹിക സാഹചര്യങ്ങളുടെ സൃഷ്ടിയായിരുന്നു. മനുഷ്യപ്രകൃതിയുടെ സ്വഭാവങ്ങളെക്കുറിച്ച് യോജിക്കാവുന്ന ഒട്ടേറെ മേഖലകളുണ്ടെങ്കിലും പുതിയ സിദ്ധാന്തം അതേപടി പകർത്താനുള്ള സാമൂഹിക സാഹചര്യങ്ങൾ നമ്മുടെ നാട്ടിൽ നിലനിൽക്കുന്നില്ല എന്നതാണ് യാഥാർഥ്യം. ഇതിനാവശ്യമായ ഭൗതിക സൗകര്യങ്ങളും ഇവിടെ നിലവിലില്ല.**



വിമർശനാത്മക ബോധനശാസ്ത്രം (critical pedagogy) പുതിയ പാഠ്യപദ്ധതിയുടെ മറ്റൊരു അടിസ്ഥാന പ്രമാണമാണ്. അറിവുകളെ വിമർശനാത്മകമായി സമീപിക്കുക അഥവാ ചോദ്യം ചെയ്തുകൊണ്ട് സ്വീകരിക്കുക എന്നതാണ് വിമർശനാത്മക ബോധനത്തിന്റെ അടിസ്ഥാന തത്ത്വം. ഏത് അറിവിനെക്കുറിച്ചും വ്യത്യസ്ത വീക്ഷണങ്ങൾ നിലനിൽക്കുന്നുണ്ടാവും. ഇവയെയെല്ലാം പരിചയപ്പെടുകയും വിശകലനം നടത്തുകയും ചെയ്തുകൊണ്ട് പൊതുധാരണകൾ രൂപീകരിക്കുകയാണിതിൽ ചെയ്യുന്നത്. 'മനുഷ്യാവകാശങ്ങൾ, ജാതി, മതം, ലിംഗം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കുട്ടികൾ വിമർശനാത്മകമായി ചിന്തിക്കട്ടെ. തുറന്ന ചർച്ചകളിലൂടെയും ഒന്നിലധികം കാഴ്ചപ്പാടുകൾ തിരിച്ചറിയുന്നതിലൂടെയും കൂട്ടായ തീരുമാനങ്ങളെടുക്കാൻ വിമർശനാത്മക പഠനം സഹായിക്കുന്നു'-KCF പറയുന്നു. അന്റോണിയോ ഗ്രാംഷി, ജർഗൻ ഹെബർമാസ്, എറിക് ഫ്രേം, പൗലോ ഫ്രെയർ തുടങ്ങിയ ചിന്തകരാണ് വിമർശനാത്മക ബോധനശാസ്ത്രം വികസിപ്പിച്ചെടുത്തത്. മാർക്സിൽനിന്ന് പ്രചോദനമുൾക്കൊണ്ട് രൂപീകൃതമായ, രാഷ്ട്രീയ നിലപാടുകളുള്ള ബോധനരീതിയാണിത്. വിദ്യാഭ്യാസം രാഷ്ട്രീയ മാനങ്ങളുള്ളതാവണമെന്നും അതിന് ഒരിക്കലും നിഷ്പക്ഷം (Neutral) ആവുക സാധ്യമല്ലെന്നും സാമൂഹിക പ്രസ്ഥാനങ്ങളുമായി അതിന് ബന്ധമുണ്ടായിരിക്കണമെന്നും അധ്യാപകർ രാഷ്ട്രീയ വ്യക്തത നേടണമെന്നും വിമർശനാത്മക ബോധന ശാസ്ത്രം പറയുന്നു.

നോം ചോംസ്കി ആവിഷ്കരിച്ച ഭാഷാ സിദ്ധാന്തങ്ങളും ഇതിന് അനുപൂരകമായി വർത്തിക്കുന്നവയാണ്. ഓരോ കുട്ടിയുടെയും തലച്ചോറിൽ ജന്മസിദ്ധമായിത്തന്നെ ഭാഷാശേഷി കരസ്ഥമാക്കാനുള്ള സംവിധാനം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. Lad (Language acquisition devise) എന്ന് വിളിക്കപ്പെടുന്ന ഈ സംവിധാനം പ്രവർത്തിക്കാനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊടുക്കുകയാണ് സമൂഹവും വിദ്യാലയവും ചെയ്യേണ്ടത്. പര്യാപ്തമായ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ കുട്ടി സ്വാഭാവികമായി ഭാഷകളെ സ്വാംശീകരിക്കുന്നു. എല്ലാ ഭാഷകളിലും പൊതുവായുള്ള സർവ ഭാഷാവ്യാകരണം (Universal grammar) നിലനിൽക്കുന്നുണ്ടെന്നും സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ടാൽ ഏതു ഭാഷയും കുട്ടികൾക്ക് കരസ്ഥമാക്കാൻ സാധിക്കുമെന്നും ചോംസ്കി പറയുന്നു.

ഇത്തരം പുതിയ വിദ്യാഭ്യാസ തത്ത്വചിന്തകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കാവുന്ന നിലപാടുകൾ എന്തൊക്കെയാണെന്ന് നോക്കാം. വിദ്യാർഥിയെ വ്യക്തിത്വമുള്ളവനായി കണക്കാക്കുകയും പരമാവധി പരിഗണിക്കുകയും ചെയ്യുന്നു എന്നതാണ് ഇതിന്റെ ഏറ്റവും പ്രധാന സവിശേഷത. ശിക്ഷകൻ അല്ല, സഹായിയും ഗൈഡും കൈത്താങ്ങ് നൽകുന്നവനുമാണ് അധ്യാപകൻ. വിദ്യാർഥിയെ പഠിപ്പിക്കേണ്ടതില്ല. കാരണം പഠിപ്പിക്കുക എന്ന പ്രക്രിയ മനുഷ്യപ്രകൃതിയിൽ നടക്കുന്നില്ല. അറിവ് വ്യക്തിനിഷ്ഠമാണ്. ഓരോരുത്തരിലും വ്യത്യസ്തമാണ്. നമ്മുടെ ബോധമണ്ഡലത്തിൽ നാം സ്വയം രൂപീകരിക്കുന്നതാണ്. അതിന് സഹായിച്ചാൽ മാത്രം മതി. ഒന്നും തെറ്റല്ല. നിലവിലെ സാഹചര്യത്തിലെ ശരിയാണ്. കുറഞ്ഞ ശരികൾ ഉണ്ടാവാം. കൂടുതൽ അറിയുമ്പോൾ കൂടിയ ശരികളിൽ എത്തിച്ചേരുന്നു. പഠനം രേഖീയമല്ല. ചാക്രികമാണ് (Not linear but circular). ഒട്ടേറെ അറിവുകളുമായാണ് കുട്ടി സ്കൂളിലെത്തുന്നത്. ജ്ഞാനം നേടാനാവശ്യമായ കഴിവ് പ്രകൃതിദത്തമായി കുട്ടിക്കുണ്ട്. അതിനാൽ പഠനം ഒ

രു സ്വാഭാവിക പ്രക്രിയയാണ്. യാന്ത്രികമല്ല. വിദ്യാർഥി, സഹപാഠികൾ, അധ്യാപകൻ, കുടുംബം, സമൂഹം, പുസ്തകങ്ങൾ, മാധ്യമങ്ങളും മറ്റുപാധികളും ഇവയെല്ലാം തമ്മിലുള്ള നിരന്തരമായ കൊടുക്കൽ വാങ്ങലുകളിലൂടെ അഥവാ സംവാദങ്ങളിലൂടെയാണ് അറിവ് നിർമിക്കപ്പെടുന്നത്.

ചേഷ്ടാവാദം ശാസ്ത്രീയമായ പരീക്ഷണ നിരീക്ഷണങ്ങളിലും യുക്തിചിന്തയിലുമധിഷ്ഠിതമായ ആധുനികതയുടെ സംഭാവനയാണെങ്കിൽ ജ്ഞാന നിർമിതിവാദം വ്യക്തിവാദത്തിലും ആപേക്ഷികതയിലുമൂന്നി നിൽക്കുന്ന ഉത്തരാധുനികതയുടെ സംഭാവനയാണ്. എല്ലാ സത്യങ്ങളും നിർമിതിയാണ്, കേവല സത്യം എന്നൊന്നില്ല എന്ന ആപേക്ഷികതാ (Relativity) വാദത്തിനും ബ്രഹദാഖ്യാനങ്ങളുടെ നിരാകരണ(No Grand Narratives)ത്തിനും ശേഷം ഉത്തരാധുനികതയുടെ മൂന്നാമത്തെ സവിശേഷതയായി സാമൂഹികജ്ഞാന നിർമിതിവാദത്തെ ആൻഡ്രിയാസ് സാഗ്സ്റ്റാഡ് പരിചയപ്പെടുത്തുന്നു (Andreas Sagstad. Post modernism, what is it and what is wrong with it).

## പാഠ്യപദ്ധതി ചർച്ച ചെയ്യപ്പെടുമ്പോൾ

1997 മുതൽതന്നെ കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പാഠ്യപദ്ധതി നേരത്തേ വിശദീകരിക്കപ്പെട്ട സമീപനങ്ങളിലധിഷ്ഠിതമാണ്. ശസ്ത്ര സാഹിത്യ പരിഷത്തിനെപ്പോലുള്ള സംഘടനകൾ വിജ്ഞാനോത്സവങ്ങൾ എന്ന പേരിൽ അതിനുമെത്രയോ മുമ്പുതന്നെ പരിചയപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്ന സമീപനവുമാണിത്. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പാഠ്യപദ്ധതി ചർച്ച ചെയ്യപ്പെടുമ്പോൾ ഒട്ടേറെ ചോദ്യങ്ങൾ ഉയർന്നുവരുന്നുണ്ട്. ഇത്രയും കാലം മാറിമാറി വന്ന സർക്കാറുകൾ ഇത് നടപ്പിലാക്കിക്കൊണ്ടിരുന്നത് ഏത് ചർച്ചയുടെ അടിസ്ഥാനത്തിലാണ്? ഇതൊരു പരീക്ഷണമായിരുന്നെങ്കിൽ അതിന്റെ ഫലം അവലോകനം ചെയ്തുകൊണ്ട് തീരുമാനമെടുത്താൽ പോരേ? ഇനി ചർച്ചയിൽ ജനങ്ങൾ തള്ളിക്കളഞ്ഞാൽ ഏതു പാഠ്യപദ്ധതിയാണ് സ്വീകരിക്കാൻ പോവുന്നത്? ഉത്തരമില്ലാത്ത ഈ ചോദ്യങ്ങളുടെ ഉത്തരമിതാണ്: ചർച്ചകളിലുയരുന്ന നിർദേശങ്ങൾ എന്തു തന്നെയായാലും പാഠ്യപദ്ധതിയിൽ മാറ്റമൊന്നുമുണ്ടാകാൻ പോകുന്നില്ല. കേന്ദ്ര സർക്കാർ നിർദേശ പ്രകാരം ഇന്ത്യയൊട്ടാകെ നടപ്പിലാക്കിവരുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിൽ നിന്ന് മാറിനിൽക്കാൻ കേരളത്തിനു മാത്രം സാധ്യവുമല്ല. സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ചർച്ച ഒരു പ്രഹസനം

**ശസ്ത്രക്രിയ നടത്തി രക്ഷിക്കാനും കുത്തിക്കൊല്ലാനും സാധിക്കുന്ന കത്തി പോലെയാണ് ജ്ഞാന നിർമിതിവാദം. ശാസ്ത്രീയ ചിന്തകളിൽനിന്ന് അകന്നുപോകുന്ന സമൂഹം സൃഷ്ടിക്കപ്പെടുമോയെന്ന് പരിഷത്ത് ആശങ്കിക്കുമ്പോൾ ദൈവനിഷേധത്തിലും മതനിരാസത്തിലും കുട്ടികൾ എത്തിച്ചേരുമോയെന്ന ആശങ്കയാണ് മതസമൂഹങ്ങൾക്കുള്ളത്.**



മാത്രമാണ്. യഥാർഥത്തിൽ ലോകബാങ്ക് തന്നെ നിർദേശിച്ച ഒരു തന്ത്രമാണിതെന്ന് സംശയിക്കാൻ ന്യായങ്ങളുണ്ട്. ചില രാജ്യങ്ങളിൽ ആദ്യഘട്ടത്തിൽ ജനങ്ങൾ തള്ളിക്കളഞ്ഞ പരിഷ്കാരങ്ങൾ പിന്നീട് 'ചർച്ച്'കളിലൂടെ നടപ്പാക്കിയതായി ലോകബാങ്ക് അവകാശപ്പെടുന്നത് ഇതോട് ചേർത്തുവായിക്കേണ്ടതാണ്. കഴിഞ്ഞ എസ്.എസ്.എൽ.സി റിസൽട്ടോടെ പാഠ്യപദ്ധതി പരീക്ഷണം പൂർണ വിജയം കൈവരിച്ചതായി സർക്കാറും ഭരണാനുകൂലികളും അവകാശപ്പെടുന്നുണ്ട്. എന്നാൽ ഈ വിജയം തികച്ചും കൃത്രിമമാണെന്ന് മറുപക്ഷവും തെളിവുകൾ നിരത്തി വാദിക്കുന്നു.

ഇനി നടന്നുകൊണ്ടിരിക്കുന്ന ചർച്ചകളുടെ രീതി ശ്രദ്ധിക്കുക. കേരളാ പാഠ്യപദ്ധതി ചട്ടക്കൂട് (KCF) എന്ന 120 പേജ് വരുന്ന രേഖയുടെ സംക്ഷിപ്ത രൂപമായ 15 പേജ് വരുന്ന ചുരുക്ക രൂപമാണ് താഴേത്തട്ടിലുള്ള ചർച്ചകൾക്കു വേണ്ടി ഉപയോഗിക്കപ്പെടുന്നത്. ഇതിന്റെ കോപ്പികൾ പങ്കെടുക്കുന്നവരുടെ ഗ്രൂപ്പുകളിൽ വിതരണം ചെയ്യുന്നു. മുന്നോടിയായി ഒരാൾ വായിച്ചവതരിപ്പിക്കുന്നു. സ്കൂളുകളിലും പഞ്ചായത്തുകളിലും നടക്കുന്ന ചർച്ചകളിൽ അധ്യാപകരും പഞ്ചായത്തംഗങ്ങളും വിരലിലെണ്ണാവുന്ന നാട്ടുകാരും രക്ഷിതാക്കളും മാത്രമാണ് പങ്കെടുക്കുന്നത്. അധ്യാപകർ തന്നെ പുതിയ സമീപനം വേണ്ടത്ര ഉൾക്കൊള്ളാത്തവരാണ് എന്നതാണനുഭവം. മറ്റുള്ളവരുടെ കാര്യം പറയാനുമില്ല. ഇത്തരമൊരു സംഘത്തിൽ നടക്കുന്ന ചർച്ചകൾ എത്രമാത്രം ഫലപ്രദമാവും എന്ന ആശങ്ക അസ്ഥാനത്തല്ല. അതേസമയം പാഠ്യപദ്ധതി പരിഷ്കരണങ്ങളെ ശ്രദ്ധാപൂർവം വീക്ഷിക്കുകയും അനുകൂലമോ പ്രതികൂലമോ ആയ നിലപാടുകളും അഭിപ്രായങ്ങളും രൂപീകരിച്ച അനേകം സംഘടനകളും വ്യക്തികളുമുണ്ട്. അത്തരക്കാരെ ബോധപൂർവം ഒഴിവാക്കിയിരിക്കുന്നുവെന്നുതന്നെ കരുതേണ്ടിയിരിക്കുന്നു.

“1997 മുതൽ കേരളത്തിൽ പ്രയോഗത്തിലിരിക്കുന്ന പാഠ്യപദ്ധതിയുടെ കാഴ്ചപ്പാടുകൾ ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്ന 'ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005'-ൽ സ്വീകരിച്ചിരിക്കുന്നു. ഇത് കേരളം മുന്നോട്ടുവെച്ച വിദ്യാഭ്യാസ കാഴ്ചപ്പാടുകൾക്കുള്ള അംഗീകാരമാണ്. ഈ പൊതു പശ്ചാത്തലത്തിലാണ് KCF 2007 -കരട് രേഖ ജനകീയ ചർച്ചകൾക്കായി സമർപ്പിച്ചിരിക്കുന്നത്”- പാഠ്യപദ്ധതി ചർച്ചക്കായി നൽകുന്ന സംക്ഷിപ്ത രേഖയുടെ ആമുഖത്തിൽ പറയുന്നു. ശാസ്ത്ര സാഹിത്യപരിഷത്ത് പുതിയ പാഠ്യപദ്ധതിയുടെ വക്താക്കളായി സ്വയം പരിചയപ്പെടുത്തുന്നുണ്ട്. പരിഷത്ത് പുറത്തിറക്കിയ പുസ്തകങ്ങളും ലഘുലേഖകളും KCF മുന്നോട്ടുവെക്കുന്ന സമീപനങ്ങൾ നേരത്തേ അവതരിപ്പിച്ചിട്ടുണ്ട് (ഉദാ: വിദ്യാഭ്യാസ പരിവർത്തനത്തിന് ഒരാമുഖം, പാഠ്യപദ്ധതി പരിഷ്കാരങ്ങൾ -പരിഷത്തിന്റെ സമീപനങ്ങൾ). പുതിയ പാഠ്യപദ്ധതിയുടെ അംഗീകാരത്തോടെ പരിഷത്തിന്റെ വിദ്യാഭ്യാസ സമീപനങ്ങൾ ഇന്ത്യയിലൊട്ടാകെ സ്വീകരിക്കപ്പെട്ടിരിക്കുന്നു. കേരളത്തിൽ ഏതു വിധേനയും ഇത് നടപ്പിലാക്കണമെന്ന ഇടതു താൽപര്യത്തിനു പിന്നിൽ ഈയൊരു പശ്ചാത്തലം കൂടിയുണ്ടെന്ന് അനുമാനിക്കാവുന്നതാണ്.

മധ്യവർഗ ഇടതുപക്ഷ താൽപര്യങ്ങളുടെ വക്താക്കളായ ശാസ്ത്ര സാഹിത്യപരിഷത്തിന്റെ കാഴ്ചപ്പാടുകൾ കേരളത്തിലെ മത സമൂഹങ്ങളുടെ കാഴ്ചപ്പാടുകളും വിശ്വാസങ്ങളുമായി പല തലങ്ങളിലും വിയോജിക്കുന്നവയാണ്. പരിഷത്തിന്റെ ചില സാമൂഹിക കാഴ്ചപ്പാടുകൾ കേരള പാഠ്യപദ്ധതി ചട്ടക്കൂടിൽ കടന്നുകൂടിയിട്ടുണ്ടെന്നതിന് പരിഷ്കരണ നിർദേശങ്ങൾ നടത്തിയ കരട് രേഖ തന്നെ തെളിവാണ്. കുഞ്ഞുങ്ങളിൽ നിരീശ്വരവാദ പാഠ്യപദ്ധതി കാരണമായിത്തീരുമെന്ന മതസമൂഹങ്ങളുടെ വിമർശനത്തിൽ കഴമ്പുണ്ടെന്ന് കാണാം. വിദ്യാഭ്യാസ പരിഷ്കരണവുമായി ബന്ധപ്പെട്ട ചർച്ചകളിലും സമരങ്ങളിലും ഈ വശമാണ് മുഖ്യമായി പരിഗണിക്കേണ്ടത്. പാശ്ചാത്യ രാജ്യങ്ങളിൽ ഉത്തരാധുനികതയോടൊപ്പം രൂപം കൊണ്ട സാമൂഹിക ജ്ഞാനനിർമിതിവാദം അവിടെയുണ്ടായിരുന്ന പ്രത്യേക സാമൂഹിക സാഹചര്യങ്ങളുടെ സൃഷ്ടിയായിരുന്നു. മനുഷ്യപ്രകൃതിയുടെ സ്വഭാവങ്ങളെക്കുറിച്ച്

യോജിക്കാവുന്ന ഒട്ടേറെ മേഖലകളുണ്ടെങ്കിലും പുതിയ സിദ്ധാന്തം അതേപടി പകർത്താനുള്ള സാമൂഹിക സാഹചര്യങ്ങൾ നമ്മുടെ നാട്ടിൽ നിലനിൽക്കുന്നില്ല എന്നതാണ് യാഥാർഥ്യം. ഇതിനാവശ്യമായ ഭൗതിക സൗകര്യങ്ങളും ഇവിടെ നിലവിലില്ല. ജ്ഞാന നിർമിതിയുടെ ക്ലാസ്റൂം വിപുലമായ സൗകര്യങ്ങൾ ഉള്ളവയായിരിക്കണം. 'വിവിധ പ്രക്രിയകളിലൂടെ ശേഷികളും നൈപുണികളും കൈവരിക്കാനുള്ള അരങ്ങുകളാണ് വിദ്യാലയങ്ങൾ. ഇത് നൽകാനുള്ള അന്തരീക്ഷം വിദ്യാലയങ്ങളിലുണ്ടാവണം. ക്ലാസ്മുറികൾ, ലൈബ്രറികൾ, ലബോറട്ടറികൾ, സെമിനാർ മുറികൾ, തൊഴിൽ ശാലകൾ, കളിസ്ഥലങ്ങൾ, കലാമണ്ഡപങ്ങൾ തുടങ്ങിയവ സ്കൂളുകളിൽ വേണം' (KCF പേജ് 33). ജ്ഞാന നിർമിതി നടക്കണമെങ്കിൽ സ്കൂളുകൾ പൂർണ സജ്ജീകൃതമായിരിക്കണമെന്നർഥം. പ്രമുഖ ചിന്തകനായ പ്രഫ. ഇർഫാൻ ഹബീബ് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് ഇന്ത്യയിലെ സാധാരണക്കാരെ പൂർണമായും അവഗണിക്കുന്നുവെന്നും ഇതിലെ നിർദേശങ്ങൾ നടപ്പിലാക്കാൻ സാധിക്കുക ഇന്ത്യയിലെ എലൈറ്റ് സ്കൂളുകൾക്ക് മാത്രമാണെന്നും അഭിപ്രായപ്പെടാൻ കാരണമിതാണ് (ഉദ്ധരണം: ദീപ എം, *ഇന്ത്യാടു ഗദർ* മാഗസിൻ 2007 ജുലൈ 3). സർക്കാർ വിദ്യാലയങ്ങളിൽ ഏതായാലുമില്ല. സ്വകാര്യ മേഖലയിലെ പഞ്ചനക്ഷത്ര വിദ്യാലയങ്ങളിൽ ലഭ്യമായേക്കാം. ജ്ഞാന നിർമിതി പ്രകാരമുള്ള ഒരു പഠന സന്ദർഭം KCF നൽകുന്നത് നോക്കൂ (പേജ് 17). സസ്തനികളുടെ പാഠം പഠിപ്പിക്കാൻ അവയുടെ ജീവിത വീഡിയോ കാണുന്നു. അവയുടെ സഞ്ചാരം, ആക്രമണം, പ്രസവം, അപകടങ്ങളിൽ പെടുമ്പോൾ ഒന്നിച്ചു നിൽക്കുന്നത് എല്ലാം കാണുന്നു. ഇത് പലവട്ടം കണ്ട് താരതമ്യപഠനങ്ങൾക്ക് വിധേയമാക്കുന്നു. അവയുടെ സ്വഭാവങ്ങൾ വ്യാഖ്യാനിക്കേണ്ടതെങ്ങനെ എന്ന് അധ്യാപകൻ വിശദീകരിക്കുന്നു. അപഗ്രഥനങ്ങൾക്കു വേണ്ടി ഗ്രൂപ്പുകളായി തിരിയുന്നു. ചർച്ചയിൽ വിവിധ ധാരണകൾ കടന്നുവരാൻ അധ്യാപകൻ ഇടപെടുന്നു. തെളിവുകളും വാദങ്ങളും പാഠഭാഗങ്ങളുമെല്ലാം ചേർന്ന് അവസാനം സസ്തനികളെ സംബന്ധിക്കുന്ന സാമാന്യ തത്ത്വങ്ങളിൽ കുട്ടികൾ എത്തിച്ചേരുന്നു. ഇത്തരമൊരു പഠനസന്ദർഭം ഒരുക്കുന്നതിന് വിപുലമായ സജ്ജീകരണങ്ങൾ ആവശ്യമാണ്. വിരലിലെണ്ണാവുന്ന സ്കൂളുകൾ ലഭ്യമായ സംവിധാനങ്ങൾ എല്ലായിടത്തും ഉണ്ടാക്കുന്നതുവരെ കാത്തിരിക്കാൻ നിലവിലുള്ള വിദ്യാർഥികൾക്ക് സാധ്യമല്ലല്ലോ. ഇത്തരമൊരു സാഹചര്യം പരിഗണിക്കപ്പെടേണ്ടതുതന്നെയാണ്.

ജ്ഞാന നിർമിതി സമീപനം സ്വീകരിച്ചുകൊണ്ടാണ് നിലവിലുള്ള ടെക്സ്റ്റ് ബുക്കുകൾ നിർമിക്കപ്പെട്ടിരിക്കുന്നത്. ഇവയിൽ എടുത്താൽ പൊങ്ങാത്തത്രയും പഠനസന്ദർഭങ്ങൾ ഒരുക്കാനാവശ്യപ്പെടുന്നുണ്ട്. ഒട്ടനവധി ധാരണകൾ രൂപീകരിക്കാനും ശേഷികൾ നേടാനും ആവശ്യപ്പെടുന്നുണ്ട്. KCF-ൽ വിശദീകരിച്ച പ്രകാരമുള്ള പഠന സന്ദർഭങ്ങൾ തയാറാക്കുന്നപക്ഷം ഓരോ യൂനിറ്റും അവതരിപ്പിക്കാൻ മാസങ്ങൾതന്നെ വേണ്ടിവരും. അതുപോലെ ആവശ്യമായ വിവരങ്ങൾ നൽകുന്നതിൽ ടെക്സ്റ്റ് ബുക്കുകൾ വ്യക്തമായും പരാജയമാണ്. KCF (പേജ് 24-ൽ) പറയുന്നത് കാണുക: 'പശ്ചാത്തല സൗകര്യങ്ങൾ കുറഞ്ഞ കുട്ടികൾ വിവരങ്ങൾ തേടി അലയുന്ന സ്ഥിതി അവരെ പിന്നാക്കം നയിക്കും. പഠിതാവിനെ ജ്ഞാന നിർമിതിയിലേക്ക് നയിക്കുന്ന എല്ലാ വിവരങ്ങളും പാഠപുസ്തകങ്ങൾക്ക് നൽകാൻ കഴിയണം.' നേർവിപരീതമാണ് ടെക്സ്റ്റ് ബുക്കുകളുടെ സ്ഥിതി. അഞ്ചാം ക്ലാസ്സിൽ പോലും കേവലം സൂചനകൾ മാത്രം നൽകി വിപുലമായ ആശയങ്ങൾ അവതരിപ്പിക്കാനാവശ്യപ്പെടുന്ന അനവധി സന്ദർഭങ്ങൾ നിലവിലെ ടെക്സ്റ്റ് ബുക്കുകളിലുണ്ട്.

20 ശതമാനം അധ്യാപകർ മാത്രമേ പുതിയ രീതി ഉൾക്കൊണ്ട് പ്രയോഗിക്കുന്നുള്ളൂ എന്ന് പരിഷത്ത് ലഘുലേഖ പറയുന്നു. അനുഭവത്തിൽ ഇതിലുമെത്രയോ താഴെയാണ് അവരുടെ എണ്ണം. ഇനി ആരെങ്കിലും ഇത്തരം സമീപനങ്ങൾ ഉൾക്കൊണ്ട് നടപ്പിലാക്കാൻ തീരുമാനിച്ചാൽ തന്നെ ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തത മൂലം സാധ്യമല്ലാത്ത അവസ്ഥയാണുള്ളത്. പാശ്ചാത്യ രാജ്യങ്ങളിലെ വിപുലമായ സജ്ജീകരണങ്ങളുള്ള ക്ലാസ്മുറികളിൽ നടപ്പിലാക്കാനുദ്ദേശിച്ച് തയാറാക്കിയ പാഠ്യപദ്ധതി അതേപടി ഇവിടെ പ്രായോഗികമാക്കാൻ ആവില്ലെന്നു കാണാൻ പ്രയാസമില്ല.

ജ്ഞാനനിർമിതിവാദ സമീപനത്തിൽ എല്ലാ വിഷയങ്ങളും സമൂഹവുമായും പ്രാദേശിക ജ്ഞാനവാദപരിസരവുമായും സമകാലിക സാഹചര്യങ്ങളുമായും ബന്ധപ്പെടുത്തിയാണ് അവതരിപ്പിക്കപ്പെടുന്നത്. അധ്യാപകനെയും പാഠ്യപുസ്തകങ്ങളെയും കൂടാതെ കുടുംബം, സമൂഹം, സഹപാഠികൾ, മാധ്യമങ്ങൾ തുടങ്ങിയവയുടെ സഹായത്തോടെയാണ് ജ്ഞാനം നിർമിക്കപ്പെടുന്നത്. അന്ധവിശ്വാസങ്ങളും അബദ്ധ ധാരണകളും പിന്തിരിപ്പൻ ചിന്താഗതികളും നിറഞ്ഞ കുടുംബത്തിനും സമൂഹത്തിനും കുട്ടിയെ അത്തരം ധാരണകളിലേക്ക് നയിക്കാൻ സാധിക്കും. "ക്ലാസ് മുറികളിൽ പ്രക്രിയാധിഷ്ഠിതമായി ജ്ഞാനം നിർമിക്കുന്ന കുട്ടികൾ ക്ലാസിനു പുറത്ത് സാമൂഹികവും ലിംഗപരവും സാംസ്കാരികവും മറ്റുമായ മർദന രൂപങ്ങളുടെ ഇരകളും മുതിർന്നവർ നൽകുന്ന ജ്ഞാനോൽപാദനങ്ങൾ അതേപടി വിഴുങ്ങാൻ നിർബന്ധിക്കപ്പെടുന്നവരുമാണ്. ക്ലാസ്മുറിക്ക് പുറത്ത് മതപഠനത്തിനുപോകുന്ന കുട്ടികളുടെ അവസ്ഥയിൽ ഇത് പ്രകടമാണ്. സൗരയൂഥത്തെക്കുറിച്ച് കുട്ടി നേടുന്ന അറിവ് സ്കൂളിനു പുറത്തെത്തുമ്പോൾ ജ്യോതിഷവും മുഹൂർത്തം നോക്കലുമായി മാറുന്നു. പ്രപഞ്ചത്തിന്റെ ഘടകങ്ങളായി ദ്രവ്യം, ഊർജം, ബലം മുതലായവയെ മനസ്സിലാക്കുന്ന കുട്ടി പുറത്തെത്തുമ്പോൾ പ്രപഞ്ചം തന്നെ ഈശ്വരസൃഷ്ടിയാണെന്ന ജ്ഞാനത്തിൽ എത്തുന്നു" (വിദ്യാഭ്യാസ പരിവർത്തനത്തിന് ഒരാമുഖം. KSSP പേജ് 116 എ). ശസ്ത്രക്രിയ നടത്തി രക്ഷിക്കാനും കുത്തിക്കൊല്ലാനും സാധിക്കുന്ന കത്തി പോലെയാണ് ജ്ഞാന നിർമിതിവാദം. ശാസ്ത്രീയ ചിന്തകളിൽനിന്ന് അകന്നുപോകുന്ന സമൂഹം സൃഷ്ടിക്കപ്പെടുമോയെന്ന് പരിഷത്ത് ആശങ്കിക്കുമ്പോൾ ദൈവനിഷേധത്തിലും മതനിരാസത്തിലും കുട്ടികൾ എത്തിച്ചേരുമോയെന്ന ആശങ്കയാണ് മതസമൂഹങ്ങൾക്കുള്ളത്. KCF -ഉം ഈ ആശങ്ക പങ്കുവെക്കുന്നു: പഠിതാവ് ജീവിക്കുന്ന പരിസരം യാന്ത്രികമായ കഴിവുകൾ വളരുന്ന സാംസ്കാരിക സാഹചര്യം രൂപപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇവിടെയാണ് അധീശരും കീഴാളരും ജാതിയും മതവും ആചാര വിശ്വാസങ്ങളും ആഗ്രഹാഭിലാഷങ്ങളും എല്ലാം നിലനിൽക്കുന്നത്. ഇവയുമായി സംവദിച്ചുകൊണ്ടാണ് കഴിവുകൾ രൂപപ്പെടുന്നത്. പഠിതാവ് നിർമിക്കുന്ന ജ്ഞാനത്തെ സമൂഹത്തിലെ പ്രയോഗതലവുമായി പൊരുത്തപ്പെടുത്താനുള്ള കഴിവിലാണ് ഗുണനിലവാരം കുടികൊള്ളുന്നത്. ഈ പൊരുത്തപ്പെടുത്തലിനെ സംബന്ധിച്ച വികൃതമായ വ്യാഖ്യാനങ്ങളാണ് ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന സാമാന്യ ബോധത്തിന്റെ ഉള്ളടക്കം (പേജ് 20).

ഇതനുസരിച്ച് അന്ധവിശ്വാസങ്ങളോ ആൾദൈവസങ്കൽപങ്ങളോ തീവ്രവാദമോ വർഗീയ, ജാതീയ പക്ഷപാതിത്വങ്ങളോ ഒക്കെ ശരിയും ആധികാരികവുമാണെന്ന നിഗമനത്തിൽ എത്തിച്ചേരാൻ ഒരു കുട്ടിക്കു സാധിക്കും. ജ്ഞാന നിർമിതിയിൽ അറിവുകൾ ആപേക്ഷികവും നിഷ്പക്ഷവും (Neutral and relative) ആയതുകൊണ്ട് എല്ലാ അറിവും ആധികാരികമാണ്. ഇതിനെ മറികടക്കാനുള്ള ഉപാധിയെന്ന നിലയിലാണ് 'വിമർശനാത്മക ബോധനശാസ്ത്രം' പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അധ്യാപകർതന്നെ ഇത്തരം ധാരണകൾ വെച്ചുപുലർത്തുന്നവരാണെങ്കിൽ വിദ്യാർഥികളിൽ നിഷേധാത്മക സമീപനങ്ങൾ വളർന്നുവരികയായിരിക്കും ഫലം.

fasalkathikode@yahoo.co.in